# വികസിക്കുന്ന എൻഡിഎ

അരുൺ ജെയ്റ്റ്ലി, (പ്രതിപക്ഷ നേതാവ്, രാജ്യസഭ)

രാം വിലാസ് പാസ്വാന്റെ ലോക്ജൻശക്തി പാർട്ടി ബിജെപിയുമായി സഖ്യമായി എൻഡിഎയുടെ ഭാഗമായിക്കഴിഞ്ഞു. ഇതിനു പുറമേ ഒട്ടേറെ രാഷ്ട്രീയ നേതാക്കളും പ്രമുഖ വ്യക്തികളും രാഷ്ട്രീയ വിഭാഗങ്ങളും ബിജെപിക്ക് പിന്തുണ പ്രഖ്യാപിക്കകയോ എൻഡിഎയുടെ സഖ്യകക്ഷിയാവുകയോ ചെയ്യുന്നു. ബിജെപിക്കും നരേന്ദ്രമോദിക്കുമുള്ള പിന്തുണ പരക്കെ ദൃശ്യമാണ്. എൻഡിഎയോട് ചേരുന്ന ചില രാഷ്ട്രീയ കക്ഷികളുടെ അസ്തിത്വവും സ്വാധീനവും ചില പ്രദേശങ്ങളിൽ മാത്രം ഒതുങ്ങുന്നതാണ്. എന്നാൽ അവരുടെ സഖ്യം ചില സൂചനകൾ നൽകുന്നുണ്ട്. നരേന്ദ്രമോദിയെ പ്രധാനമന്ത്രി സ്ഥാനനത്തേയ്ക്ക് പ്രഖ്യാപിച്ചപ്പോൾ ചില മാധ്യമ സുഹൃത്തുക്കളും രാഷ്ട്രീയ നിരീക്ഷകരും പറഞ്ഞത് ബിജെപിക്ക് സഖ്യകക്ഷികളെ കിട്ടുക വിഷമമാകുമെന്നാണ്. പാർട്ടി ഒറ്റപ്പെടുമെന്ന് അവർ കരുതി. എന്നാൽ വൻ ജനാവലിയുടെ പിന്തുണയുള്ളിടത്തോളം ഒരു പാർട്ടിയും ഒറ്റപ്പെട്ടുപോകില്ല. കരുത്തുകുറഞ്ഞ ബിജെപിയേക്കാൾ സഖ്യകക്ഷികളെ ആകർഷിക്കാൻ ശക്തമായ ബിജെപിക്കാവും. ബിജെപി സഖ്യകക്ഷികളുടെ ഈ അടിയുറച്ച പിന്തുണ മാറ്റത്തിന്റെ ദൃഷ്ടാന്തമാണ്. പഞ്ചാബ്, മഹാരാഷ്ട്ര, ഹരിയാന, ബീഹാർ, തമിഴ്നാട് എന്നിവിടങ്ങളിൽ ശ്രദ്ധേയരായ സഖ്യകക്ഷികളുണ്ട്. തെരഞ്ഞെടുപ്പിന് മുമ്പോ പിമ്പോ സഖ്യസാധ്യത ആരായാവുന്ന കക്ഷികൾ ഉള്ള ഒട്ടേറെ സംസ്ഥാനങ്ങൾ വേറെയുണ്ട്.

ശക്തമായ ബിജെപിയ്ക്ക് സുശക്തമായ എൻഡിഎ നയിക്കാനാവുമെന്ന് ഞാൻ വിശ്വസിക്കുന്നു. എൻഡിഎയെ എങ്ങനെ വേണം ശക്തിപ്പെടുത്താനെന്ന് പഠിക്കേണ്ടത് അടൽജിയിൽനിന്നാണ്. 1996 ലെ മൂന്നു കക്ഷികൾ മാത്രമായിരുന്ന മുന്നണി 1998 ൽ 24 പാർട്ടിയുടെ മുന്നണിയായി. പ്രാദേശിക സഖ്യകക്ഷികളെ ആകർഷിക്കാൻ ഇന്ത്യയുടെ ബഹുസ്വരവും വൈവിധ്യപൂർണവുമായ സ്വഭാവം അംഗീകരിക്കുകയും ആദരിക്കുകയും വേണം. ജനപിന്തുണയും വർദ്ധിക്കുന്ന സഖ്യകക്ഷികളും വികസിക്കുന്ന സഖ്യത്തിന്റെ സാമൂഹ്യ സ്വഭാവവും ഒത്തുചേരുന്നതാണ് ഇന്നത്തെ പ്രസക്തി. ഈ സൂചനകളെല്ലാം പുതിയൊരു മാറ്റത്തിന്റേതാണ്.